## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1461 — 11.06.2019-ൽ മറുപടിയ്ക്ക്

### മീൻപിടുത്ത യാനങ്ങൾക്ക് വിലക്ക്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.വി.ഡി.സതീശൻ | | ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | കാലാവസ്ഥാ മാറ്റത്തിന്റെ പേരിൽ മീൻപിടുത്തയാനങ്ങൾക്ക് കടലിൽ തുടർച്ചയായി വിലക്ക് ഏർപ്പെടുത്തുന്നത് മത്സ്യത്തൊഴിലാളികളുടെ സാമ്പത്തികനില തകിടം മറിക്കുന്ന സാഹചര്യം സംജാതമാക്കിയിട്ടുണ്ടോ; | (എ) | കേന്ദ്ര കാലാവസ്ഥാ മുന്നറിയിപ്പനുസരിച്ച് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നൽകുന്ന നിർദ്ദേശമാണ് മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നത്. അത് മൂലം മത്സ്യത്തൊഴിലാളികളുടെ സാമ്പത്തികനില തകിടം മറിയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | വിലക്ക് ഏർപ്പെടുത്തുന്ന സമയത്ത് മത്സ്യബന്ധനത്തിന് ഇറങ്ങുന്ന യാനങ്ങൾക്ക് രണ്ട് ലക്ഷം രൂപവരെ പിഴ ഈടാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ; | (ബി) | നിർദ്ദേശം നൽകിയിട്ടില്ല. |
| (സി) | ഓഖി കൊടുങ്കാറ്റിന് ശേഷം 2019 ഏപ്രിൽ 30 വരെ എത്ര ദിവസമാണ് സംസ്ഥാനത്ത് മത്സ്യബന്ധന ബോട്ടുകൾക്ക് കാലാവസ്ഥാ മാറ്റത്തിന്റെ അടിസ്ഥാനത്തിൽ വിലക്ക് ഏർപ്പെടുത്തിയിരുന്നത് എന്ന് അറിയിക്കാമോ; | (സി) | 2019 ഏപ്രിൽ 30 വരെ 165 ദിവസം അറബിക്കടലിലും, Comorian area യിലും മത്സ്യബന്ധ ബോട്ടുകൾ കടലിൽ പോകുന്നത് സംബന്ധിച്ച് മുന്നറിയിപ്പുകൾ നല്കിയിട്ടുണ്ട്. |
| (ഡി) | ഇപ്രകാരം വിലക്ക് ഏർപ്പെടുത്തുന്ന സമയം മത്സ്യത്തൊഴിലാളികൾക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് സർക്കാർതലത്തിൽ നൽകുന്നത് എന്ന് വ്യക്തമാക്കാമോ? | (ഡി) | കാലാവസ്ഥാ മുന്നറിയിപ്പ് നീണ്ടു നിൽക്കുന്ന അവസരങ്ങളിൽ സൗജന്യ റേഷൻ അനുവദിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ